## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *231** 17.08.2017- ൽ മറുപടിക്ക്

## വേതന സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര<br>,, സണ്ണി ജോസഫ്<br>,, വി.ടി.ബൽറാം<br>,, കെ.എസ്.ശബരീനാഥൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മുൻസർക്കാർ തുടക്കമിട്ട വേതന സുരക്ഷാ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) വേതന സുരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം തൊഴിൽ മേഖലകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിവരിക്കുമോ; | (ബി) താഴെ പറയുന്ന 6 മേഖലകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>1. കടകളും വ്യാപാര വാണിജ്യ സ്ഥാപനങ്ങളും.<br>2. സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, ക്ലിനിക്കൽ ലാബുകൾ, സ്കാനിംഗ് സെൻററുകൾ, എക്സറേ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും.<br>3. സ്റ്റാർ ഹോട്ടലുകൾ.<br>4. സെക്യൂരിറ്റി സേവനങ്ങൾ.<br>5. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ സ്ഥാപനങ്ങൾ.<br>6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (നോൺ ടീച്ചിംഗ്) ജീവനക്കാർ. |
| (സി) പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) 2015 മുതൽ വേതന സുരക്ഷാപദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ രീതിയിൽ മിനിമം വേതന ചട്ടങ്ങൾ പരിഷ്കരിക്കുകയുണ്ടായി. ഈ പദ്ധതി മുഖേന വേതനം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം പരിശോധനാവേളയിൽ അസിസ്റ്റൻറ് ലേബർ ഓഫീസർമാർ സ്ഥാപന ഉടമകൾക്ക് നൽകിവരുന്നു. ടി പദ്ധതി ഉൾപ്പെടെയുള്ള |

ഇ-ഗവേണൻസ് പദ്ധതികൾക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും, മോണിട്ടർ ചെയ്യുന്നതിനും സംശയങ്ങളും പരാതികളും സംബന്ധിച്ചുള്ള ടെലിഫോൺ സപ്പോർട്ട് നൽകുന്നതിനും ലേബർ കമ്മീഷണറേറ്റിൽ ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് ഓരോ ജില്ലയിലും കുറഞ്ഞത് 2 പേർ അടങ്ങുന്ന സംഘത്തെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിലേക്ക് ആവശ്യമായ ട്രെയിനിംഗുകൾ ജില്ലകൾ തോറും തൊഴിലുടമകൾക്കായും ജീവനക്കാർക്കായും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ